പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4263

24.06.2019 -ലെ മറുപടിയ്ക്ക്

**ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിയതിലൂടെ തോട്ടം മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനു വേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം എന്ന ശിപാർശ പ്രസ്തുത കമ്മീഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്തെ തോട്ടങ്ങളിൽ നിലനിന്നിരുന്ന പ്ലാന്റേഷൻ ടാക്സ്, അഗ്രികൾച്ചർ ടാക്സ് എന്നിവയും തോട്ടങ്ങളിലെ ലയങ്ങളുടെ കെട്ടിട നികുതിയും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റീ പ്ലാന്റേഷനു വേണ്ടി റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ഈടാക്കി വന്നിരുന്ന സീനിയറേജ് ഒഴിവാക്കികൊണ്ട് സർക്കാർ ഉത്തരവായതിലൂടെ ഈ മേഖലയിൽ റീപ്ലാന്റേഷനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ച് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ച് ആയതിന്റെ നടത്തിപ്പിന് തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരളയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ പ്രോജക്ടിന്റെ നിർമ്മാണം ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച് വില്ലേജിലെ കുറ്റിയാർവാലിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) ഈ ഇളവ് വൻകിട തോട്ടം മേഖലയിൽ ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ വൻകിടക്കാർക്ക് പ്രതിവർഷം ലഭിക്കുന്ന ലാഭം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) പ്രത്യേകം പരിശോധിച്ചിട്ടില്ല. തോട്ടം മേഖലയിൽ പൊതുവിൽ നിലനിൽക്കുന്ന വ്യവസായ/തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടാണ് റിട്ട്. ജസ്റ്റിസ് കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചതും തുടർന്ന് പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് കമ്മീഷൻ ശുപാർശകളിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും. |

Sreelekha

**സെക്ഷൻ ഓഫീസർ**